പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 643** | 2..12..2014 ൽ മറുപടിക്ക്

പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരവും മികവിന്റെ കേന്ദ്രവും ആക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി. യു. കുരുവിള<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി |
| (എ) കെൽട്രോൺ ഉൾപ്പെടെയുള്ള കേരളത്തിലെ പൊതുമേഖല സംരംഭങ്ങളെ ലാഭകരവും മികവിന്റെ കേന്ദ്രങ്ങളും ആക്കുന്നതിന് ഈ ഗവൺമെന്റ് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) കെൽട്രോൺ ഉൾപ്പെടെയുള്ള കേരളത്തിലെ പൊതുമേഖല സംരംഭങ്ങളെ ലാഭകരവും മികവിന്റെ കേന്ദ്രങ്ങളും ആക്കുന്നതിന് ഈ ഗവൺമെന്റ് സ്വീകരിച്ചു വരുന്ന നടപടികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) ആധുനിക സമൂഹത്തിന്റെ ആവശ്യകതകൾ മനസ്സിലാക്കി കൂടുതൽ ഉത്പാദന സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ? | (ബി) ആധുനിക സമൂഹത്തിന്റെ ആവശ്യകതകൾകൂടി മനസ്സിലാക്കിക്കൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണവും നടപ്പിലാക്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

കെൽട്രോൺ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തി കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ഈ സർക്കാരിൻെറ തുടക്കം മുതൽ തന്നെ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരികയാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെൽട്രോണിൻെറ പ്രവർത്തനം ശക്തിപ്പെടുത്തി വിപുലീകരിക്കുന്നതിൻെറ ഭാഗമായി 16 കോടിരൂപയും അനുബന്ധ യൂണിറ്റായ കണ്ണൂരിലെ കെൽട്രോൺ കമ്പോണൻറ് കോംപ്ലക്സിന് വിവിധ വികസന പദ്ധതികൾ നടപ്പിലാക്കാൻ 11 കോടിരൂപയും സർക്കാർ ഇതുവരെ നൽകിയിട്ടുണ്ട്. കെൽട്രോൺ കമ്പോണൻറ് കോംപ്ലക്സിന് 2014-15 ൽ 7 കോടിരൂപയുടെ പ്രവർത്തനമൂലധന സഹായവും അനുവദിച്ചിട്ടുണ്ട്. രാജ്യത്തെ ഉൽപ്പാദന രംഗം ശക്തിപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാർ പ്രത്യേകം ആവിഷ്ക്കരിച്ച മാനുഫാക്ചറിംഗ് നയത്തിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള നവീകരണ വിപുലീകരണ പദ്ധതികൾ കെൽട്രോണിലും അനുബന്ധയൂണിറ്റായ കെൽട്രോൺ കമ്പോണൻറ് കോംപ്ലക്സിലും , നടപ്പിലാക്കി വരികയുമാണ്. 2010-11 മുതൽ കെൽട്രോൺ തുടർച്ചയായി വിറ്റുവരവിൽ വർദ്ധനവ് കൈവരിച്ച് ലാഭം നേടി പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്.

ഇപ്പോൾ നടപ്പിലാക്കിവരുന്ന പുനരുദ്ധാരണ പദ്ധതികൾ പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ ഇലക്ട്രോണിക് ഉൽപ്പാദനരംഗം ശക്തിപ്പെടുന്നതിനും, കൂടുതൽ വിറ്റുവരവും ലാഭവും കൈവരിക്കത്തക്കവിധത്തിൽ ഈ സ്ഥാപനങ്ങളെ പ്രാപ്തമാക്കുവാനും സാധിക്കുന്നതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ (കാഷ്യൂ മേഖല ഉൾപ്പെടെ) പ്രവർത്തനം ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കഴിഞ്ഞ മൂന്നു വർഷമായി 563.68 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

ഈ സാമ്പത്തിക വർഷം പൊതുമേഖലാസ്ഥാപനങ്ങൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള 100 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള വികസന പദ്ധതികൾക്കായി അനുവദിച്ചുവരുന്നു. കശുവണ്ടി മേഖലയ്ക്കായി 50 കോടിരൂപയും നീക്കിവെച്ചിട്ടുണ്ട്.

പൊതുമേഖലാസ്ഥാപനങ്ങളെ കൂടുതൽ ലാഭകരവും മികവുറ്റതാക്കുന്നതിനുമായി ചുവടെ പറയുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്.

1. നവീകരണ വിപുലീകരണ പദ്ധതികൾ
2. വാണിജ്യ ഇടപാടുകൾക്കായി ഇലക്ട്രോണിക് പ്രൊക്യുർമെൻറ് സംവിധാനം

3. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരണം
4. ടെക്സ്റ്റൈൽ മേഖലയുടെ സമഗ്ര പുനരുദ്ധാരണത്തിനായി പ്രത്യേക പദ്ധതി
5. വ്യവസായ വകുപ്പിൻെറ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ഇൻെറർനെറ്റ് അധിഷ്ടിത വിവര വിനിമയ സംവിധാനം
6. എൻെറർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ERP) സംവിധാനം
7. വാർഷിക ആഡിറ്റുകൾ സത്വരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ
8. പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് സുതാര്യമായ സംവിധാനം
9. പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദ്യുതി ഉപഭോഗത്തിനായി സൗരോർജ്ജ പദ്ധതികൾ.
10. പൊതുമേഖലാസ്ഥാപനങ്ങളെ ശക്തിപ്പെടുത്തി പൊതുജനങ്ങൾക്കും കൂടി ഗുണം ഉറപ്പാക്കുക എന്ന ആശയം നിലനിർത്തി കമ്പനീസ് ആക്ട് (2013) ൻെറ ചുവടുപിടിച്ച് കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സി.എസ്.ആർ) പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.
11. വാണിജ്യ ഇടപാടുകൾ സംബന്ധിച്ചുള്ള ഡോക്യുമെൻറുകളുടെ ഡിജിറ്റൈസേഷൻ

Hanu
സെക്ഷൻ ഓഫീസർ.